15

# “ദൈവം ലോകത്തെ സ്നേഹിച്ചു”

## യോഹന്നാൻ 3:16, അടുത്ത നോട്ടം

> “മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ, മനുഷ്യപുത്രനെയും ഉയർത്തേണ്ടതാകുന്നു; അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിന്നു തന്നേ.
>
> തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും, നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു, ദൈവം അവനെ നൽകുവാൻ തക്കവണ്ണം, ലോകത്തെ സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാനല്ല, ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ”[1] (യോഹന്നാൻ 3:14–17)

ഈ വേദഭാഗത്തിലുള്ളത്, ബൈബിളിലെ ഏറ്റവും പ്രസിദ്ധമായ വിഷയമാണ് – ആ “സുവർണ്ണ” വാക്യമാണ്, യോഹന്നാൻ 3:16: “തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും, നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു, ദൈവം അവനെ നൽകുവാൻ തക്കവണ്ണം, ലോകത്തെ സ്നേഹിച്ചു.” ഈ വാക്യം ചുരുങ്ങിയത് രണ്ടു കാരണങ്ങൾ കൊണ്ട് ബൈബിളിൽ ഏറ്റവും മഹത്തായതാകുന്നു: (1) അത് ദൈവപദ്ധതിയുടെ മുഴുവൻ ഉദ്ദേശത്തെയും സ്പർശിക്കുന്നു.[2] പതിനാറാം-നൂറ്റാണ്ടിലെ നവോദ്ധാന നായകനായി അറിയപ്പെട്ട, മാർട്ടിൻ ലൂഥർ, അതിനെ വിളിച്ചത് “ഹ്രസ്വരൂപത്തിലുള്ള ബൈബിൾ” എന്നാണ്. (2) അത് ശ്രേഷ്ഠതകൾ നിറഞ്ഞതാണ്: മനുഷ്യർക്ക് അറിവുള്ള ഏറ്റവും മനോഹര വിഷയങ്ങളെ കുറിച്ച് പ്രതിപാദിക്കുന്ന ഉയർന്ന വാക്കുകളാണ്.[3]

### “*ദൈവം*”:<br>ഏറ്റവും ശ്രേഷ്ഠ വ്യക്തി

“ലോകവും, മനുഷ്യരും, അതിലുള്ള എല്ലാ വസ്തുക്കളും ദൈവത്തിൽ നിന്ന് ആരംഭിച്ചു, അതുപോലെ നമ്മുടെ വേദഭാഗവും: “*ദൈവം* ലോകത്തെ സ്നേഹിച്ചു. ...”

ഇവിടെ ഇതാ ഏറ്റവും വലിയ വ്യക്തി. ദൈവത്തെക്കാൾ ശ്രേഷ്ഠമായ ഒന്നിനെ മനസ്സിലാക്കുവാൻ മനുഷ്യമനസ്സുകൾക്ക് അസാധ്യമാണ്. മുൻകാലങ്ങളിൽ ശ്രദ്ധേയനായ അമേരിക്കൻ തന്ത്രജ്ഞൻ പറഞ്ഞത് തന്റെ മനസ്സിലേക്ക് എപ്പോഴും കടന്നുവന്നിട്ടുള്ള ഏറ്റവും വലിയ ചിന്ത ദൈവവും അവനോട് തനിക്കുള്ള വ്യക്തിപരമായ ഉത്തരവാദിത്വവും ആയിരുന്നു എന്നാണ്.[4]

ദൈവത്തെ കുറിച്ചു പറഞ്ഞുകൊണ്ട്, പൗലൊസ് എഴുതി "നാം ചോദിക്കുന്നതിലും നിനക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവൻ ..." (എഫെസ്യർ 3:20). നിങ്ങളുടെ സങ്കൽപ്പം വിസ്തൃതമാകുവാൻ അനുവദിക്കുക; ദൈവത്തിന് ചെയ്യുവാൻ കഴിയാത്തതിനെ കുറിച്ച് ഒന്നും നിങ്ങൾക്ക് ചിന്തിക്കുവാൻ കഴിയുകയില്ല.[5] വലിയവനായ ദൈവത്തെ മുഴുവനായി മനസ്സിലാക്കുവാൻ, നാം അവനോടു തുല്യനാകേണ്ടിയിരിക്കുന്നു: നാം ദൈവത്തെ പോലെ ആകണമെന്നർത്ഥം!

## *"സ്നേഹിച്ചു"*:
## ഏറ്റവും വലിയ വിശേഷത

വലിയ വ്യക്തിയെ കുറിച്ച് പറഞ്ഞിരിക്കുന്നത്, "ദൈവം ലോകത്തെ *സ്നേഹിച്ചു*. ..." ലോകത്തിൽ വെച്ചേറ്റവും വിശേഷതയുള്ളതാണ് സ്നേഹം: "എന്നാൽ വിശ്വാസം, പ്രത്യാശ, സ്നേഹം, ഈ മൂന്നും നിലനില്ക്കുന്നു; ഇവയിൽ വലിയതോ സ്നേഹം തന്നേ" (1 കൊരിന്ത്യർ 13:13).[6] ആ ഏറ്റവും വലിയ വിശേഷത ഏറ്റവും ഉയർന്ന[7] അളവിലുള്ളത് ദൈവത്തിനാണെന്ന് നമ്മുടെ വേദഭാഗം അതോടൊപ്പം പറയുന്നു: "ദൈവം ലോകത്തെ സ്നേഹി*ച്ചു*. ..."

എഫെസ്യർ 3:17–19 പറയുന്നത് ദൈവത്തിന്റെ സ്നേഹത്തിന് അളവുണ്ട് എന്നാണ്: "... ജ്ഞാനത്തിൽ കവിഞ്ഞ ... ക്രിസ്തുവിന്റെ സ്നേഹമറിയുവാനും, അതിന്റെ *ആഴവും നീളവും വീതിയും ഉയരവും* എന്തെന്ന് ... അറിയേണ്ടതിനു തന്നെ. ..." (എംഫസിസ് മൈൻ.) ദൈവ സ്നേഹത്തിന്റെ "നീളം" എന്ത്? നമ്മുടെ വേദഭാഗം നമ്മോടു പറയുന്നത്: "ദൈവം തന്റെ ഏകജാതനായ പുത്രനെ നൽകുവാൻ തക്കവണ്ണം, ലോകത്തെ സ്നേഹിച്ചു. ..." ദൈവത്തിന്റെ സ്നേഹം എല്ലായിടത്തേക്കും വ്യാപിച്ചു![8]

## *"ലോകം"*:
## ഏറ്റവും വലിയ സഹവാസം

ദൈവം തന്റെ ഏറ്റവും വലിയ വിശേഷത ആരിലേക്കാണ് വ്യാപിപ്പിച്ചത്? "അവനെ നൽകുവാൻ തക്കവണ്ണം, ദൈവം *ലോകത്തെ* സ്നേഹിച്ചു ...": ലോകം – നാം ജീവിച്ച എല്ലാവരെയും, ഇപ്പോൾ ജീവിക്കുന്ന എല്ലാവരെയും, ഈ ഭൂമി നശിക്കുന്നതിന് മുൻപ് ജീവിക്കുന്ന എല്ലാവരെയും കുറിച്ചു – മനസ്സിലാക്കുവാൻ പറ്റുന്ന ഏറ്റവും വലിയ സഹവാസമാണ്. എങ്ങനെയായാലും, അത് നമ്മുടെ മനസ്സുകൾക്ക് ഊഹിക്കാൻ കഴിയുന്നവർ ഒന്നിച്ചുള്ളതു മാത്രമല്ല, എന്നാൽ ഏറ്റവും യോഗ്യതയില്ലാത്തവരുടെ കൂട്ടവുമാണ്: പാപമുള്ള ലോകം, അനുസരണക്കേടുള്ള ലോകം, ഇരുട്ടിലുള്ള ലോകം.[9] ആ അഭക്തിയുള്ള ലോകത്തിലേക്ക് ദൈവം നോക്കി അതിനെ സ്നേഹിച്ചു. ദൈവം *നമ്മെ* നോക്കി *നമ്മെ* സ്നേഹിച്ചു.

ഒരിക്കൽ ആഫ്രിക്കയിൽ നിന്നുള്ള ഒരു മിഷ്ണറി ഒരു സംഘം ആൺകുട്ടികളോട് സംസാരിക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു, "ആഫ്രിക്കയിൽ പ്രസംഗിച്ച സുവിശേഷത്തെ കുറിച്ച് നിങ്ങളോടു പറയുവാൻ എനിക്കാഗ്രഹമുണ്ട്. ഇവിടെ വന്നിട്ടുള്ള *നല്ലവരായ* എല്ലാ ആൺകുട്ടികളും കൈപൊക്കാമോ?" ഒരു കുട്ടിയും കൈപൊക്കിയില്ല.

അദ്ദേഹം ചിരിച്ചുകൊണ്ട് പറഞ്ഞു, “ഇപ്പോൾ ആഫ്രിക്കയിൽ ഉള്ളവർക്കു നൽകിയതായ അതേ സന്ദേശം നിങ്ങൾക്കു നൽകുവാൻ എന്റെ കയ്യിലുണ്ട്: ദൈവം വികൃതികളായ കുട്ടികളെ സ്നേഹിക്കുന്നു.”

അത് ശരിയായി തോന്നുന്നില്ലായിരിക്കാം, എന്നാൽ അതാണ് സത്യം. “ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ, നമുക്കു വേണ്ടി മരിക്കയാൽ, ദൈവം തനിക്കു നമ്മോടുള്ള സ്നേ ഹത്തെ പ്രദർശിപ്പിക്കുന്നു” (റോമർ 5:8).[10]

### “അവൻ *നൽകി*”:
### ഏറ്റവും വലിയ പ്രവർത്തി

ഏറ്റവും വലിയ വിശേഷതയുള്ളതുകൊണ്ട് ആ മഹത്തായവൻ ഏറ്റവും വലിയ സഹവാസത്തിന് ചെയ്തതെന്ത്? ‘‘ദൈവം ലോകത്തെ സ്നേഹിച്ചതുകൊണ്ട്, അവൻ *നൽകി.* ...” മൂന്നു പ്രവർത്തികൾ നമ്മെ ദൈവത്തോട് അടുപ്പിക്കുന്നു: നൽകൽ, ക്ഷമിക്കൽ, നന്ദി കരേറ്റൽ – അതിന്റെ എല്ലാം അടിസ്ഥാനം ഏറ്റവും വലിയ പ്രവർത്തിയായ[11], *നൽകൽ* ആണ്.

### *“തന്റെ ഏകജാതനായ പുത്രൻ”*:
### ഏറ്റവും വലിയ ദാനം

താൻ നൽകി*യതി*ലൂടെയാണ് തന്റെ ഏറ്റവും വലിയ സ്നേഹം ദൈവം പ്രദർശിപ്പിച്ചത്: ഏറ്റവും വലിയ ദാനമായ, “*തന്റെ ഏകജാത നായ പുത്രനെ* നൽകുവാൻ തക്കവണ്ണം, ദൈവം ലോകത്തെ സ്നേഹിച്ചു.'' പല സമ്മാനങ്ങളും നൽകപ്പെട്ടിട്ടുണ്ട്. ഉത്തമകാര്യങ്ങൾ ക്കായി സമ്പന്നന്മാർ ധാരാളം പണം ദാനം കൊടുത്തിട്ടുണ്ട് – ചിലപ്പോൾ അവിശ്വസനീയമായ വലിയ തുകയായിരിക്കും – എന്നാൽ ആ സമ്മാനങ്ങൾ ഒന്നും ഈ ദാനവുമായി താരതമ്യം ചെയ്യാവുന്നതല്ല.

ദൈവം നൽകിയതിനെ കുറിച്ച് ചിന്തിക്കുക: (1) അവൻ തന്റെ പുത്രനെ നൽകി. അനുസരണമുള്ള, സ്നേഹമുള്ള, കർത്തവ്യ ബോധമുള്ള ഒരു മകനെ കുറിച്ചു ചിന്തിക്കുക. അത്തരം ഒരു മകനെ നൽകുന്നത് എത്ര ഹൃദയ–ഭേദകമായിരിക്കും! (2) ദൈവം തന്റെ പുത്രനെ മാത്രമല്ല നൽകിയത്, എന്നാൽ അവൻ തന്റെ ''ഏകജാത നായ''[12] പുത്രനെയാണ് നൽകിയത് – അവന്റെ നെറ്റിയിൽ ദൈവീക ത്വത്തിന്റെ മുദ്രയോടുകൂടിയ അവന്റെ തന്നെ രൂപത്തിലുള്ള ഒരു പുത്രൻ. ഒരു *ഏകപുത്രനെ* നൽകുന്നതിനെ കുറിച്ചു ചിന്തിക്കുക. (3) ദൈവം തന്റെ പുത്രനെ വെറുതെ നൽകുകയായിരുന്നില്ല, അവൻ തന്റെ ഏക പുത്രനെ ഒരു *യാഗത്തിനാണ്* നൽകിയത്. യാതൊരു യോഗ്യതയുമില്ലാത്ത ആളുകൾക്കുവേണ്ടി ഭയാനകവും ലജ്ജാകര വുമായിട്ടാണ് യേശു മരിക്കുന്നത്. തന്റെ പുത്രന്റെ കണ്ണുനീർ അവന്റെ ഹൃദയത്തെ നുറുക്കിയിട്ടുപോലും ദൈവത്തിന് തന്റെ പുത്രനെ നൽകണമായിരുന്നു!

നമുക്കു മനസ്സിലാക്കുവാൻ പറ്റാത്ത ഏറ്റവും വലിയ ദാനമാണ് അത്. പൗലൊസ് പറഞ്ഞു, “അപ്രമേയമായ ദാനം നിമിത്തം ദൈവ ത്തിനു സ്തോത്രം!” (2 കൊരിന്ത്യർ 9:15). കെജെവിയിൽ ഉള്ളത് “പറഞ്ഞു തീരാത്ത ദാനം നിമിത്തം ദൈവത്തിനു സ്തോത്രം” എന്നാണ്. ലോകത്തിലുള്ള ചിലത്

നമുക്കു മനസ്സിലാക്കുവാൻ സാധ്യ മല്ല, എന്നാൽ ചുരുങ്ങിയത് അവയെ കുറിച്ച് നമുക്കു സംസാരി ക്കുവാൻ കഴിയും – ലോകജനസംഖ്യ അല്ലെങ്കിൽ ദേശീയ ബാധ്യത, ഉദാഹരണമായി എടുക്കാം – എന്നാൽ ദൈവത്തിന്റെ ദാനത്തെ മനസ്സിലാക്കുവാനോ സൂക്ഷ്മമായി അതിനെ കുറിച്ചു സംസാരി ക്കുവാനോ പോലും അസാധ്യമാണ്. "സ്നേഹം വിസ്മയിപ്പിക്കുന്നതും, ദൈവീകവും, എന്റെ ആത്മാവും, എന്റെ ജീവനും, എന്റെ എല്ലാം ആവശ്യപ്പെടുന്നതും ആണ്"![13]

### *"ഏവനും"*:
### ഏറ്റവും വലിയ അവസരം

ദൈവത്തെ കുറിച്ചും ക്രിസ്തുവിനെ കുറിച്ചും പറഞ്ഞുകൊണ്ട്, നാം വേദഭാഗത്തിലേക്ക് തിരിച്ചു വന്നിരിക്കുന്നു: ''തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന *ഏവനും*, നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു, ദൈവം അവനെ നൽകുവാൻ തക്കവണ്ണം, ലോകത്തെ സ്നേഹിച്ചു.'' "ഏവനും" എന്ന വാക്ക് ഈ ലോകത്തി ലുള്ള ഏറ്റവും വലിയ അവസരത്തെയാണ് പ്രഖ്യാപിക്കുന്നത്. ദൈവ സ്നേഹം എല്ലാവർക്കും ഉള്ളതാണ് (ലൂക്കൊസ് 2:10; മത്തായി 28:19; പ്രവൃത്തികൾ 10:34, 35; 17:30; 2 പത്രൊസ് 3:9). യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, "ലോക*മെങ്ങും* പോയി *സകല* ജാതികളോടും സുവിശേഷം പ്രസംഗിപ്പിൻ" (മർക്കൊസ് 16:15; എംഫസിസ് മൈൻ).

''ഏവനും'' എന്ന വാക്ക് വ്യക്തികളെന്ന രീതിയിൽ നമുക്ക് അർത്ഥവത്തായിരിക്കണം. പത്തൊൻപതാം-നൂറ്റാണ്ടിലെ ശ്രദ്ധേയനായ ഒരു ഉപദേഷ്ടാവായ, ഫിലിപ്സ് ബ്രൂക്സ് ആണ്, താൻ യോഹന്നാൻ 3:16 അർത്ഥ മാക്കുന്ന രീതിയെ അനുമോദിച്ചതായി പറഞ്ഞത് എന്നു ഞാൻ വിശ്വസി ക്കുന്നു: "അവനിൽ വിശ്വസിക്കുന്ന അമേരിക്കക്കാർ നശിച്ചു പോകാതെ, നിത്യജീവൻ പ്രാപിക്കേണ്ടതിന്" എന്ന് ദൈവത്തിനു പറയാമായിരുന്നു – എന്നാൽ ലാറ്റിൻ അമേരിക്കക്കാരും, തെക്കേ അമേരിക്കക്കാരും, വടക്കേ അമേരിക്കക്കാരും, മറ്റുമുണ്ടല്ലോ. ''ബ്രൂക്സിനു നിത്യജീവൻ ലഭിക്കേണ്ടതിന്'' എന്നു ദൈവത്തിനു പറയാമായിരുന്നു – എന്നാൽ ബ്രൂക്സ് എന്ന പേരിൽ ധാരാളം പേരുണ്ടല്ലൊ. "ഫിലിപ്സ് ബ്രൂക്സ് വിശ്വസിക്കേണ്ടതിനും, അവൻ രക്ഷിക്കപ്പെടേണ്ടതിനും" എന്നുപോലും ദൈവത്തിനു പറയാമാ യിരുന്നു – എന്നാൽ ഒന്നിലധികം ഫിലിപ്സ് ബ്രൂക്സ് ഉണ്ടാവാൻ സാധ്യതയുണ്ട്; അപ്പോഴും സംശയം നിലനിന്നേക്കാം. "ഞാൻ എത്ര നന്ദിയുള്ളവനാണ്," എന്നു ഫിലിപ്സ് ബ്രൂക്സ് പറഞ്ഞു, "ദൈവം പറഞ്ഞത് 'ഏവനും' എന്നാണ്, കാരണം *അത്* എന്നെ സംബന്ധിച്ചും ഉചി തമാണെന്ന് എനിക്ക് അറിയാം!'' നമുക്കെല്ലാവർക്കും ആ വാക്യം വായിക്കുവാനും *നമുക്കു* രക്ഷിക്കപ്പെടുവാൻ കഴിയുമെന്ന് മനസ്സിലാ ക്കുവാനും കഴിയും!

എങ്ങനെയായാലും, ''ഏവനും'' എന്ന വാക്ക് *നമ്മിൽ* തന്നെയാണ് ഉത്തരവാദിത്വം നൽകുന്നത് എന്ന്, മനസ്സിലാക്കുക. ലോകത്തിലുൾപ്പെട്ടിരി ക്കുന്നത് ''മനസ്സുള്ള ഏവനും'' ''മനസ്സില്ലാത്ത ഏവനും'' ആണ്. മഹത്വകരമായ ആ അവസരം ഉപയോഗിക്കണോ വേണ്ടയോ എന്ന് നാം ഓരോരുത്തരുമാണ് തീരുമാനിക്കേണ്ടത് (വെളിപ്പാട് 22:17). അവന്റെ

അല്ലെങ്കിൽ അവളുടെ അന്തിമലക്ഷ്യം നാം ഓരോരു ത്തരുമാണ് സ്വയം തീരുമാനിക്കേണ്ടത്.

## *"വിശ്വസിക്കുന്ന"*:
## ഏറ്റവും വലിയ അടിസ്ഥാനം

ഏറ്റവും വലിയ അവസരം പ്രയോജനപ്പെടുത്തുവാൻ നാം എന്തു ചെയ്യണം? നമ്മുടെ വേദഭാഗം പറയുന്നു, "അവനിൽ *വിശ്വസിക്കുന്ന* ഏവനും നശിച്ചുപോവാതെ, നിത്യജീവൻ പ്രാപിക്കേണ്ടതിന്.'' വിശ്വാസമെന്നത് ഏറ്റവും വലിയ അടിസ്ഥാനമാണ്. അതിന്മേലാണ് നാം ക്രിസ്ത്യാനികളാകുവാൻ ചെയ്യുന്നതും ക്രിസ്ത്യാനികളായി തീർന്നശേഷം ചെയ്യുന്നതും അടിസ്ഥാനപ്പെട്ടിരിക്കുന്നത്. "വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല, ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവമുണ്ട് എന്നും തന്നെ അന്വേഷിക്കുന്ന വർക്ക് പ്രതിഫലം കൊടുക്കുന്നുവെന്നും വിശ്വസിക്കേണ്ടതല്ലൊ" (എബ്രായർ 11:6).

യോഹന്നാൻ 3:16-ലെ "വിശ്വസിക്കുന്ന" എന്ന വാക്ക് വെറും മാനസി കമായ സ്വീകാര്യമല്ല എന്നതിന് ഊന്നൽ കൊടുക്കണം. ആംപ്ളിഫൈഡ് ബൈബിൾ (1987 എഡിഷൻ) ആ വാക്യത്തെ ഇങ്ങനെയാണ് തർജ്ജിമ ചെയ്തിരിക്കുന്നത്: "ദൈവം തന്നിൽ *(ആശ്രയിക്കുകയും, പറ്റിച്ചേരുകയും, അർപ്പിക്കുകയും)* വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ ... നിത്യജീവൻ (എന്നേക്കും) പ്രാപിക്കേണ്ടതിന്, തന്റെ ഏക-ജാതനായ (പ്രത്യേകതയുള്ള) പുത്രനെ [പോലും] നൽകി അവൻ ലോകത്തെ അത്രമാത്രം വിലകൊടുത്തു സ്നേഹിച്ചു." (എംഫസിസ് മൈൻ.)

വാസ്തവത്തിലുള്ള വിശ്വാസത്തിൽ ദൈവേഷ്ടം അനുസരിക്കു ന്നതും ഉൾപ്പെടുന്നു (യാക്കൊബ് 2:20 നോക്കുക). പൗലൊസ് എഴുതി, "ക്രിസ്തുയേശുവിൽ പരിച്ഛേദനയല്ല അഗ്രചർമ്മവുമല്ല, സ്നേഹത്താൽ വ്യാപരിക്കുന്ന വിശ്വാസമത്രേ കാര്യം" (ഗലാത്യർ 5:6; എംഫ സിസ് മൈൻ). വിശ്വാസമെന്ന അടിസ്ഥാനത്തിന്മേൽ പണിയുന്ന ഒരാൾ സ്നേഹത്താൽ പ്രേരിതനായി, തന്റെ പാപങ്ങളിൽ നിന്ന് മാനസാന്തരപ്പെടും (ലൂക്കൊസ് 13:3), തന്റെ വിശ്വാസം മനുഷ്യരുടെ മുമ്പാകെ ഏറ്റുപറയും (മത്തായി 10:32), പാപങ്ങളുടെ മോചനത്തിനായി സ്നാനത്തിൽ അടക്കപ്പെടുകയും ചെയ്യും (പ്രവൃത്തികൾ 2:38).

## *"അവനിൽ"*:
## ഏറ്റവും വലിയ ആകർഷണം

അത്തരം വിശ്വാസം എന്തു പുറപ്പെടുവിക്കും? അനുസരണ ത്തിലേക്ക് നമ്മെ നയിക്കുന്നതെന്ത്? ''... *അവനിൽ* വിശ്വസിക്കുന്നവൻ നശിച്ചുപോകാതിരിക്കുന്നു.'' രക്ഷ സാധ്യമാക്കിയത് യേശുവാണ്. യുഗങ്ങളായി അവൻ ഏറ്റവും വലിയ ആകർഷണമായി നിലനിൽക്കുന്നു. അവൻ പറഞ്ഞു, "ഞാനോ, ഭൂമിയിൽ നിന്ന് ഉയർത്തപ്പെട്ടാൽ, എല്ലാവരേയും എങ്കലേക്ക് ആകർഷിക്കും'' (യോഹന്നാൻ 12:32). ഏതെങ്കിലും ഒരു മനുഷ്യനിലോ, ചില ഉപദേശത്തിലോ, അല്ലെങ്കിൽ ചില മതപരമായ രീതി യിലോ അല്ല നമ്മുടെ വിശ്വാസം. നമ്മുടെ വിശ്വാസം, നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ച ക്രിസ്തുവിലാണ്!

### "*നശിച്ചു*പോകാതെ":
### ഏറ്റവും വലിയ ആപത്ത്

നമുക്ക് ആ വിശ്വാസമുണ്ടെങ്കിൽ, അതിന്റെ ഫലം എന്തായിരിക്കും? "... അവനിൽ വിശ്വസിക്കുന്ന ഏവനും *നശിച്ചു*പോകയില്ല. ..." ഒരു മനുഷ്യനിൽ വരുവാനിരിക്കുന്ന ഏറ്റവും വലിയ ആപത്ത് തടയുന്നതായിരിക്കും അനുസരണമുള്ള നമ്മുടെ വിശ്വാസം.

ഈ ജീവിതത്തിൽ ധാരാളം ആപത്തുകൾ സംഭവിക്കുന്നു. ഒരു കൃഷിക്കാരന്റെ സാധന സാമഗ്രികൾ എല്ലാം അഗ്നിക്കിരയായി കൊണ്ട്, ഒരു കളപ്പുര കത്തുമ്പോൾ, അയാൾ പറയും, "ഞാൻ തകർന്നു."[14] ജലപ്രളയത്തിൽ ഒരുവീട് ഒലിച്ചുപോകയും, ആ കുടുംബത്തിന്റെ ഭൗമിക സമ്പത്തെല്ലാം ഇല്ലാതാവുകയും ചെയ്യുമ്പോൾ, അവർ കരഞ്ഞുകൊണ്ടു പറയും, "ഞങ്ങളുടേതെല്ലാം നശിച്ചുപോയി." ഒരു വലിയ കുടുംബത്തിന്റെ അത്താണിയായ കർത്താവും പിതാവുമായവൻ മരിക്കുന്നു, അപ്പോൾ ആ കുടുംബം ഹൃദയം നൊന്തു കരഞ്ഞു പറയും, "ഞങ്ങൾ നശിച്ചു." ആരുടെയെങ്കിലും ആരോഗ്യം നഷ്ടമാ കുന്നു, അപ്പോൾ, അയാളും, ചിന്തിക്കുന്നു, "ഞാൻ തീർന്നുപോയി." എന്നെ കേൾക്കുക: ഒരാളുടെ ജീവിതത്തിലുണ്ടാകുന്ന ആപത്തുകൾ എത്ര മോശമായാലും, നിത്യമായി അയാൾ നഷ്ടപ്പെടുന്നതുവരെ അയാൾ ഒരിക്കലും നശിക്കുന്നില്ല. *അപ്പോൾ* അയാൾ "കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്നു, നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും" (2 തെസലൊനിക്യർ 1:9; നോക്കുക മത്തായി 25:46; വെളിപ്പാട് 20:10). അതാണ് "നാശം" എന്ന വാക്ക് അർത്ഥമാക്കുന്നത്!

### "*എന്നാൽ*":
### ഏറ്റവും വലിയ വ്യത്യാസം

"നാശം" എന്ന വാക്കോടുകൂടി ആ വേദഭാഗം അവസാനിപ്പിക്കാത്തതിൽ ഞാൻ സന്തോഷിക്കുന്നു. അതു തുടരുന്നു, "... അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ, നിത്യജീവൻ പ്രാപിക്കേണ്ടതിനു*തന്നെ*." "എന്നാൽ" എന്നതു ഒരു ചെറിയ വാക്ക് ആണെങ്കിലും ലോകത്തിൽ അതു വലിയ വ്യത്യാസം വരുത്തുന്നു. ഈ വേദഭാഗത്തിൽ, ഒരു ഭാഗത്ത് നമുക്കു "നാശം" എന്ന വാക്കും, മറ്റൊരു ഭാഗത്ത് "നിത്യജീവൻ" എന്ന പദപ്രയോഗവുമുണ്ട്. അതിനു രണ്ടിനും ഇടയ്ക്ക്, വ്യത്യാസം വരുത്തി, നമുക്കുള്ളത് "എന്നാൽ" എന്ന ചെറിയ സംയോജന പദമാണ്!

### "*നിത്യജീവൻ* പ്രാപിക്കുക":
### ഏറ്റവും വലിയ വാഗ്ദാനം

ഈ വാഗ്ദാനത്തോടുകൂടിയാണ് ആ വേദഭാഗം അവസാനി പ്പിക്കുന്നത്: "... അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ, *നിത്യജീവൻ* പ്രാപിക്കേണ്ടതിന്." അതാണ് ഏറ്റവും വലിയ വാഗ്ദാനം: ദൈവവുമായിട്ടുള്ള[15] നിത്യത എന്ന വാഗ്ദാനമുള്ള അവിടെ "അവൻ അവരുടെ കണ്ണിൽനിന്നു കണ്ണുനീർ എല്ലാം തുടച്ചുകളയും; ഇനി മരണം ഉണ്ടാകയില്ല; ദുഃഖവും, മുറവിളിയും, കഷ്ടതയും ഇനി ഉണ്ടാകയില്ല;

ഒന്നാമത്തേതു കഴിഞ്ഞുപോയി" (വെളിപ്പാട് 21:4). നിങ്ങൾ ദൈവത്തെ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്താൽ ദൈവത്തിന്റെ ആ വാഗ്ദാനം നിങ്ങൾക്കുള്ളതാണ്!

**ഉപസംഹാരം**

സുവിശേഷ കഥയിൽ മുഖ്യമായത് ഒറ്റ വാക്കിൽ പറഞ്ഞാൽ ഇതാണ്:

"ദൈവം" – ഏറ്റവും വലിയ വ്യക്തി.
"സ്നേഹിച്ചു" – ഏറ്റവും വലിയ വിശേഷത.
"ലോകം" – ഏറ്റവും വലിയ സഹവാസം.
"അവൻ നൽകി" – ഏറ്റവും വലിയ പ്രവർത്തി.
"തന്റെ ഏകജാതനായ പുത്രൻ" – ഏറ്റവും വലിയ ദാനം.
"ഏവനും" – ഏറ്റവും വലിയ അവസരം.
"വിശ്വസിക്കുന്ന" – ഏറ്റവും വലിയ അടിസ്ഥാനം.
"അവനിൽ" – ഏറ്റവും വലിയ ആകർഷണം.
"നശിച്ചുപോകാതെ" – ഏറ്റവും വലിയ ആപത്ത്.
"എന്നാൽ" – ഏറ്റവും വലിയ വ്യത്യാസം.
"നിത്യജീവൻ പ്രാപിക്കേണ്ടതിന്" – ഏറ്റവും വലിയ വാഗ്ദാനം.

നിങ്ങൾക്ക് ബൈബിൾ എല്ലാം മനസ്സിലാക്കുവാൻ കഴിഞ്ഞെന്നു വരികയില്ല, എന്നാൽ ഈ വാക്യം നിങ്ങൾക്കു മനസ്സിലാകുന്നുണ്ടോ? അങ്ങനെയെങ്കിൽ, നിങ്ങൾ കർത്താവിന്റെ ക്ഷണത്തോടു പ്രതികരി ക്കണം. തീർച്ചയായും, ആ മഹത്തായ വാക്യത്തെ സ്പർശിക്കാതെ ആർക്കും അതിലെ സത്യങ്ങൾ മനസ്സിലാക്കുവാൻ സാധ്യമല്ല. ഇന്നു നിങ്ങൾ സുവിശേഷശക്തിയാൽ, ദൈവസ്നേഹത്താൽ ഇളകുക യാണെങ്കിൽ, നിങ്ങൾ അതിൽ എന്തെങ്കിലും ചെയ്യുകയില്ലേ?

---

കുറിപ്പുകൾ

[1]യേശുവിന്റെ "ആദ്യവരവ്" ഒരു രക്ഷകനായിട്ടായിരുന്നു, അല്ലാതെ ന്യായാധിപൻ ആയിരുന്നില്ല; എന്നാൽ അവന്റെ രണ്ടാമത്തെ വരവിൽ, അവൻ നമ്മുടെ ന്യായാധി പൻ *ആകും* (പ്രവൃത്തികൾ 17:31). [2]ചിലർ അവകാശപ്പെടുന്നതുപോലെ അതു ദൈവ ത്തിന്റെ പദ്ധതിയെ മുഴുവനായും സ്പർശിക്കുന്നില്ല, എന്നാൽ അത് ദൈവപദ്ധതിയുടെ അടിസ്ഥാന ഘടകങ്ങളെ "സ്പർശിക്കുന്നുണ്ട്." [3]പല പ്രസിദ്ധീകരണങ്ങളിലും യോഹ ന്നാൻ 3:16–നോടുള്ള ഈ പൊതുവായ സമീപനം പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഇതാണ് എന്റെ വിവരണം. ആരാണ് ഈ ആശയം ആദ്യം കൊണ്ടുവന്നത് എന്ന് എനിക്കറിയുകയില്ല. [4]ദാനീയേൽ വെബ്സ്റ്റർ, ഉദ്ധരിച്ചിരിക്കുന്നത് ഫ്രാങ്ക് എസ്. മെഡ്, കമ്പനി. ആന്റ് എഡി., *12, 000 റിലീജിയസ് ക്വട്ടേഷൻസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1989), 189. [5]*ദൈവത്തിന്റെ ഹിതത്തിന് അനുയോജ്യമായതായ* അവനു ചെയ്യുവാൻ കഴിയാത്ത ഒന്നിനെ കുറിച്ചും നിങ്ങൾക്ക് ചിന്തിക്കുവാൻ കഴിയുകയില്ല. [6]സ്നേഹത്തെ കുറിച്ചുള്ള കൂടുതൽ വേദഭാഗത്തിന്, നോക്കുക 1 പത്രൊസ് 4:8; എഫെസ്യർ 3:17. [7]ചി ലർ ഇതിനെ പ്രസംഗത്തിലെ വേറൊരു പോയിന്റാക്കി മാറ്റും. [8]ദൈവം സ്നേഹ*മാണ്* (1 യോഹന്നാൻ 4:7, 8). [9]പാപസംബന്ധമായ ലോകത്തെ വിവരിക്കുന്നതിന് ഉപയോ

ഗിക്കാവുന്ന വേദഭാഗമാണ് ആവർത്തനപുസ്തകം 9:2–4.

[10]കൂടാതെ നോക്കുക തീത്തൊസ് 2:11; 1 തിമൊഥെയൊസ് 2:3, 4. [11]പ്രവൃത്തികൾ 20:28 നോക്കുക. [12]ഗ്രീക്ക് വാക്ക് തർജ്ജിമ ചെയ്തിരിക്കുന്ന "ഏകജാതൻ" സൂചിപ്പിക്കുന്നത് "പ്രത്യേകമായ, ഒരു തരത്തിലുള്ള" എന്നാണ്. [13]ഐസക്ക് വാട്ട്സ്, "വെൻ ഐ സർവേ ദ വണ്ടറസ് ക്രോസ്," *സോങ്സ് ഓഫ് ഫെയിത്ത് ആന്റ് പ്രെയിസ്,* കമ്പനി. ആന്റ് എഡി. ആൾട്ടൺ എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ.: ഹോവാർഡ് പബ്ളിഷിങ് കമ്പനി., 1994). [14]ഈ വാചകവും അടുത്തതും മുൻകൂട്ടി കരുതുന്നത് തങ്ങളുടെ സമ്പാദ്യങ്ങൾ നഷ്ടപ്പെട്ട കൃഷിക്കാരനും കുടുംബത്തിനും നഷ്ടപരിഹാരം പുനഃസ്ഥാപിച്ചു കിട്ടിയിരുന്നില്ല എന്നാണ്. [15]നോക്കുക മർക്കൊസ് 10:30; ഗലാത്യർ 6:8; 1 തിമൊഥെയൊസ് 6:12; തീത്തൊസ് 1:2.